


# Upon the 'Be-Cause'

In a sophisticated conceptual framework, moulding transcends its literal definition of physical shaping and enters the realm of ontological and epistemic structuralism. It refers to the transformative process by which disparate elements–whether biological, cognitive, or sociological–are synthesized into a coherent, functional, and specialized form through the application of external pressures or internal constraints.All knowledge is not discovered – it is moulded. From Aristotle's tabula rasa to Kant's synthetic a priori, the question of how minds are shaped by experience, culture, and language lies at the heart of philosophical inquiry. Literature is the crucible of that shaping. Wittgenstein asserted that the limits of one's language are the limits of one's world. To write is to mould thought into form. The act of literary creation is simultaneously an act of cognitive architecture – reshaping both the author and the reader.Harold Bloom's The Anxiety of Influence reveals how every writer is moulded through a fraught struggle with predecessors. No voice emerges in a vacuum; every text is a palimpsest – written over, pressed against, and shaped by the weight of tradition.In a sophisticated conceptual framework, moulding transcends its literal definition of physical shaping and enters the realm of ontological and epistemic structuralism. It refers to the transformative process by which disparate elements – whether biological, cognitive, or sociological – are synthesized into a coherent, functional, and specialized form through the application of external pressures or internal constraints.

33rd Edition **Kerala**

## Sahityotsav

Organized by **SSF Kerala** Students Centre, Calicut-04

2026 **July 20-26**
**Kayamkulam,**
Alappuzha

ziwa
Doctor Diet LLP

# കോശം മുതൽ ആകാശം വരെ

വിശ്വപ്രപഞ്ചത്തിൽ ഒരു കണിക പോലും വെറുതെ ജനിക്കുന്നില്ല. കാര്യകാരണ ബദ്ധമായ (Cause and Effect) നിയമങ്ങൾക്കു വിധേയമായാണ് ഓരോ ചലനനിശ്ചലനങ്ങളും സംഭവിക്കുന്നത്. നിരന്തരമായൊരു ഒഴുക്കാണത്. അനുനിമിഷം പ്രപഞ്ചം നവീകരിക്കപ്പെടുന്ന ഒരു നിരന്തര പ്രവാഹം.



# A (Cell)estial Philosophy

ഈ പ്രാപഞ്ചിക ക്രമത്തിൽ മനുഷ്യന്റെ നിലനിൽപ്പ് അത്യന്തം സങ്കീർണവും ഉത്തരവാദിത്വപൂർണ വുമാണ്. മനുഷ്യൻ ഭൂമിയുടെ അധിപനല്ല, സൂക്ഷിപ്പുകാരനാണ് (Custodian/Steward). പ്രകൃതിയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും നിലനിൽപ്പും വെളിച്ചങ്ങളും വരുംതലമുറകൾക്കാ യി സംരക്ഷിക്കുക (Intergenerational Equity) എന്നത് മനുഷ്യന്റെ പ്രധാന ദൗത്യമാണ്.

മനുഷ്യനെ വെറുമൊരു ഉപഭോക്താവായി (Consumer) നിർവചിക്കാനുള്ള ശ്രമങ്ങൾക്കിടയിലും, അവൻ അസ്തിത്വപരമായ (Ontological) ധർമത്തെ പ്രതി ആലോചനകൾ നിർവഹിക്കുന്നു. എന്റെ നിലനിൽപ്പിന്റെ യുക്തിയെന്താണ് (Because) എന്ന അന്വേഷണം അടിസ്ഥാനപരമായി രണ്ട് ചോദ്യങ്ങളിലേക്കു മനുഷ്യനെ കൊണ്ടെത്തിക്കും; സത്താപരമായി '**ഞാൻ ആരാണ്**' (Be) എന്നും, കർമപരമായി '**എന്റെ ലക്ഷ്യമെന്താണ്**' (Cause) എന്നും.







‘ഞാൻ’ എന്ന അഹംബോധത്തിന്റെ (Egocentrism) ഇടുങ്ങിയ തുരുത്തുകളിൽ കുടുങ്ങിപ്പോകുക മനുഷ്യനു സാധ്യമല്ല. പ്രപഞ്ചത്തിന്റെ ജൈവഘടന പൂർണമായും അധിഷ്ഠിതമായിരിക്കുന്നത് ആഴത്തിലുള്ള പാരസ്പര്യത്തിലും സഹവർത്തിത്വത്തിലുമാണ് (Symbiosis). സൂക്ഷ്മകോശങ്ങൾ മുതൽ അതിവിശാലമായ ആകാശങ്ങൾ വരെ നീളുന്ന (Cell - Celestial) ഈ ശൃംഖലയിലാണ് പ്രപഞ്ചത്തിന്റെ ധാർമികവും അസ്തിത്വപരവുമായ മൂല്യങ്ങൾ അടങ്ങിയിരിക്കുന്നത്.

സഹസ്രാബ്ദങ്ങൾക്കു മുൻപ് രൂപപ്പെട്ട ഫോസിലുകൾ ആധുനികലോകത്തിന്റെ ഊർജ്ജസ്രോതസ്സായി മാറുന്നു. മനുഷ്യന്റെ ബൗദ്ധികവും ഭൗതികവുമായ നേട്ടങ്ങളൊന്നും തന്നെ കേവലമായ തുടക്കങ്ങളല്ല, ചരിത്രപരമായ തുടർച്ചകൾ (Historical Continuum) മാത്രമാണ്. നിരന്തരമായ നവീകരണം നമ്മെ കൂടുതൽ മൂല്യബോധമുള്ളവരാക്കും.

ചെറിയൊരു വിത്തുപോലും ഉള്ളിൽ പടർന്നുപന്തലിക്കേണ്ട ഒരു മഹാവനത്തിന്റെ സ്വപ്നം ഒളിപ്പിച്ചുവെച്ചിട്ടുണ്ട് (Potentiality). പൂവായും കായായും തണലായും പടർന്നു പന്തലിക്കുന്ന മനുഷ്യത്വത്തിന്റെ ആ ആഴമേറിയ രൂപത്തെ കണ്ടെത്തലിലാണ് 'ഞാൻ ആരാണ്?' (Be) എന്ന ആദ്യചോദ്യത്തിന്റെ ഉത്തരം കുടികൊള്ളുന്നത്. ആ ഉത്തരത്തെ സാമൂഹിക നന്മയ്ക്കായി പ്രതിഫലിപ്പിക്കുക എന്ന പ്രയോഗവൽക്കരണമാണ് 'Cause' എന്ന രണ്ടാം ചോദ്യത്തിന്റെ ഉത്തരം.

പ്രപഞ്ചത്തിലെ ജൈവ, അജൈവ ഘടകങ്ങൾക്കെല്ലാം അതിന്റേതായ അസ്ഥിത്വപരമായ ഉത്തരവാദിത്വങ്ങളുണ്ട്. ഒഴുക്ക് കല്ലിനെ വെള്ളാരം കല്ലാക്കുന്നു, കല്ല് ഒഴുക്കിന്റെ ദിശയെ വരക്കുകയും ചെയ്യുന്നു. പൂമ്പാറ്റ ചിറകു കുടഞ്ഞാണ് പൂന്തോട്ടങ്ങളെ വർണാഭമാക്കുന്നത്. വിസ്മയകരമായ ഒരു ആസൂത്രണത്തിന്റെ ഭാഗമാണത്. ഏറ്റവും സുന്ദരവും ക്രമീകൃതവും അത്യുത്തമവുമായാണ് അവയെല്ലാം സംഭവിക്കുന്നത്. നുത്ഖ് (Rational being) എന്ന സവിശേഷതയുള്ള ഏക സൃഷ്ടിയായ മനുഷ്യൻ (Homo sapiens) ഈ ധാർമിക അളവുകോലിൽ എവിടെ നിൽക്കുന്നു എന്നതിനെക്കുറിച്ചുള്ള അക്കാദമികവും ദാർശനികവുമായ ആത്മവിചാരമാകുന്നു, 'Upon the Be-Cause'!



On The
cause'

## കലയുടെ സത്ത, സാഹിത്യത്തിന്റെ കാതൽ

വളഞ്ഞുകിടക്കുന്ന ചോദ്യചിഹ്നത്തെ നിവർത്തി ആശ്ചര്യമാക്കുകയാണു സാഹിത്യം. ഈ നിരന്തര ശ്രമങ്ങളുടെ ധർമങ്ങളെ മുൻനിർത്തിയുള്ള സാംസ്കാരിക പര്യവേക്ഷണമാണു സാഹിത്യോത്സവ്.

## പ്രേക്ഷക വൈവിധ്യത്തിന്റെ ബൗദ്ധികത

സമൂഹത്തിന്റെ ഏറ്റവും സൂക്ഷ്മമായ അടരുകളിലേക്കു വരെ നീളുന്ന അതിവിശാലമായ കാൻവാസ്. ഈ പങ്കാളിത്തത്തെ ഒരു ജനതയുടെ മുഴുവൻ ജൈവപരമായ ബൗദ്ധിക വ്യവഹാരമാക്കി മാറ്റുന്ന വലിയ സാമൂഹിക പ്രക്രിയ.

## തലമുറകളുടെ സർഗാത്മക നൈരന്തര്യം

വ്യത്യസ്ത പ്രായമുള്ള മനുഷ്യഭാവനകളുടെയും ആവിഷ്കാരങ്ങളുടെയും സംഗമം. വിത്തിൽ നിന്ന് വനത്തിലേക്കുള്ള വളർച്ചയുടെ ഓരോ ഘട്ടങ്ങളെയും ഉൾക്കൊള്ളുന്ന വിശാലമായ വേദികൾ. തലമുറകൾ കൈമാറിവന്ന മൂല്യങ്ങളുടെ ആഘോഷം.



## കുടുംബങ്ങളുടെ ജൈവപരമായ പാരസ്പര്യം

അനേകായിരങ്ങളിലേക്കു പടരുന്ന വിപുലമായ സാംസ്കാരിക പ്രവർത്തനം. സമൂഹത്തിന്റെ അടിസ്ഥാന ഘടകങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന കടലാസുകളും ഗാനങ്ങളും ശബ്ദങ്ങളും. കുടുംബങ്ങളുടെ ബൗദ്ധികോത്സവം.



## സംഘാടനത്തിന്റെ സാമൂഹിക ജ്യാമിതി

സാഹിത്യോത്സവ് സാധ്യമാക്കുന്ന ബഹുജന കൂട്ടായ്മകൾ. ആഴമേറിയ സഹവർത്തിത്വത്തിന്റെയും സാമൂഹികമായ അസ്തിത്വത്തിന്റെയും ഏറ്റവും മികച്ച പ്രായോഗിക മാതൃക. സാംസ്കാരിക ഉത്തരവാദിത്വങ്ങളെ പ്രതി നാം ഒരുമിക്കുന്നു.

## ബഹുസ്വരതയുടെ പൗരസഹവർത്തിത്വം

വ്യത്യസ്തതകൾ ഒരുമിച്ചിരിക്കുന്ന ഭൂമിക. നേരിന്റെ പക്ഷം മാത്രം വിലാസമാകുന്ന സാംസ്കാരിക പൗരന്മാർ. വിഭജനങ്ങളില്ലാതെ വിളക്കിച്ചേർക്കുന്ന ദാർശനിക പരിസരം.


ജൂലൈ 25 ശനി 10.30 am
ഉദ്ഘാടന
സംഗമം

- ഉദ്ഘാടനം:

  **പരൻജോയ് ഗുഹ താക്കുർത്ത**
  Paranjoy Guha Thakurta

- മുഖ്യാഥിതി:

  **കമലാകർ ഭട്ട്**
  Kamalakar Bhat

## കെ പി മുഹമ്മദ് മുസ്‌ലിയാർ കൊമ്പം

എ ത്വാഹ മുസ്‌ലിയാർ
സയ്യിദ് മുനീർ അഹ്ദൽ
ടി ടി ശ്രീകുമാർ
കെ പി രാമനുണ്ണി
വെങ്കിടേഷ് രാമകൃഷ്ണൻ
സി എൻ  ജഅ്ഫർ സാദിഖ്
ഡോ. അബൂബക്കർ ടി
റഷീദ് കരുമാടി
ജുനൈദ് എം എസ്






സർഗാത്മക വിമർശനങ്ങളിലൂടെ
ബൗദ്ധിക മണ്ഡലത്തിൽ പുതിയ
ഭാവുകത്വം സൃഷ്ടിച്ച എഴുത്തുകാരൻ

# ടി ടി ശ്രീകുമാറിന്

കേരള സാഹിത്യോത്സവ് അവാർഡ് 26
സമ്മാനിക്കുന്നു

ജൂലൈ 25 ശനി 11.30 am





ഡോ. ടി ടി ശ്രീകുമാർ സമകാലിക
ഇന്ത്യയിലെ ശ്രദ്ധേയനായ
സാമൂഹ്യചിന്തകനും അക്കാദമിക്
പണ്ഡിതനും എഴുത്തുകാരനും
സാംസ്കാരിക–രാഷ്ട്രീയ
നിരൂപകനുമാണ്.
വിവരസാങ്കേതികവിദ്യ,
മാധ്യമപഠനം, ആധുനികത,
സാമൂഹിക ചരിത്രം, സാംസ്കാരിക
രാഷ്ട്രീയം, നവോത്ഥാനം എന്നീ
മേഖലകളിൽ ശ്രദ്ധേയമായ
ഗവേഷണങ്ങളും നിരൂപണങ്ങളും
അദ്ദേഹം സംഭാവന ചെയ്തിട്ടുണ്ട്.
മലയാളത്തിലും ഇംഗ്ലീഷിലുമായി
ഇരുപതിലധികം ഗ്രന്ഥങ്ങളും
നൂറുകണക്കിന്
ഗവേഷണ–നിരൂപണ ലേഖനങ്ങളും
പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമകാലിക
സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ
വിഷയങ്ങളിൽ ആഴത്തിലുള്ള
വിശകലനങ്ങളിലൂടെ പൊതു
മണ്ഡലത്തിൽ സജീവ
സാന്നിധ്യമാണ് അദ്ദേഹം. കേരള
സാഹിത്യ അക്കാദമിയുടെ സി ബി
കുമാർ എൻഡോവ്മെന്റ് അവാർഡ്
ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ
അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്.

2026 ജൂലൈ 22 ബുധൻ
Guadalquivir (Park Junction) 5:00 PM

# കുട്ടനാടൻ ഗദ്ദി

ആലപ്പുഴയുടെ സൗഹൃദം ജീവിതം

- പി ജെ ജെ ആന്റണി
- ഷമീർ കൊല്ലം



2026 ജൂലൈ 23 വ്യാഴം
Guadalquivir (Park Junction) 5:00 PM

# മനുഷ്യർ ചുരുങ്ങുന്ന ലോക ഭൂപടം

ഡി പോപ്പുലേഷൻ, സമകാലികത, വെല്ലുവിളികൾ, പ്രത്യാഘാതങ്ങൾ, പരിഹാരങ്ങൾ

- സയ്യിദ് ആഷിഖ് മുസ്തഫ
- സി എം സ്വാബിർ സഖാഫി
- മുഹമ്മദ് ഫത്താഹ്





2026 ജൂലൈ 24 വെള്ളി

Guadalquivir (Park Junction) 5:00 PM

# വാക്കുകളുടെ ജനാധിപത്യം

സോഷ്യൽ മീഡിയ ഇടപെടൽ, മാധ്യമ സ്വാതന്ത്ര്യം, ആക്ടിവിസം

- **സനീഷ് ഇളയിടത്ത്**
- **ജാബിർ കാന്തപുരം**
- **ഇർഷാദ് കാസർഗോഡ്**

2026 ജൂലൈ 25 ശനി

Arish - 3:00 PM

# നമ്മൾ നടന്ന സാമൂഹിക ദൂരങ്ങൾ

മലയാളനാടിന്റെ ഏഴ് പതിറ്റാണ്ടുകളുടെ വായന, സാമൂഹിക സഞ്ചാര ചരിത്രം, സ്വത്വങ്ങൾ, രാഷ്ട്രീയം, സാഹിത്യം

- ടി ടി ശ്രീകുമാർ
- വി ജെ ജെയിംസ്
- മുഹമ്മദ് സൽസബീൽ
- സി കെ എം ഷാഫി സഖാഫി



2026 ജൂലൈ 25 ശനി
Chinar - 7:15 PM

# മണ്ണ് നോവാത്ത ചുവട്

സമൂഹത്തെ ഒരുക്കിയ പണ്ഡിത മുദ്രകൾ, പൗരബോധമുള്ള മനുഷ്യരിലൂടെയുള്ള സമഗ്ര സഞ്ചാരങ്ങൾ

- മുഹമ്മദ് സ്വാദിഖ് വെളിമുക്ക്
- മുസ്തഫ പി എറയ്ക്കൽ
- പി വി ശുഹൈബ്



2026 ജൂലൈ 25 ശനി
Guadalquivir - 3:00 PM

- റാം മോഹൻ പാലിയത്ത്
- ബിനോയ് തോമസ്
- ബഷീർ ഒമാനൂർ
- സി എ അഹ്മദ് റാസി

# അനുഭവ സമുദ്രത്തിലെ ചാറ്റ് ബോട്ടുകൾ

യന്ത്രം കലയെഴുതുന്നു - സർഗാത്മകത, മൗലികത, ഭാവന തുടങ്ങിയ മേഖലകളിലെ യന്ത്രാധീനത



2026 ജൂലൈ 25 ശനി

Guadalquivir - 7:15 PM

# സർവ്വോപരി ജനാധിപത്യമാണ്?

ജനാധിപത്യത്തിലെ ബോഗിവൽക്കരണം, ഡിലിമിറ്റേഷൻ; ഫാഷിസ്റ്റ് രാഷ്ട്രീയത്തിന്റെ പരിണാമം, ബഹുത്വം

- ഡോ. ജി മോഹൻ ഗോപാൽ
- സി ആർ കെ മുഹമ്മദ്
- ഷാജഹാൻ സഖാഫി



2026 ജൂലൈ 25 ശനി

Papyrus - The art Arena - 4:00 PM

# ദീവാനെഴുതിയ ഹൃദയഭാഷ

അറബി ഭാഷ, സാഹിത്യം, പദാവലി, ഒരു ഫഖീഹിന്റെ കാവ്യലോകം

- ഡോ. സലാഹുദ്ദീൻ അയ്യൂബി
- ഡോ. സ്വാലിഹ് ബുഖാരി
- സി എം ജഅ്ഫർ അലി



2026 ജുലൈ 26 ഞായർ

Papyrus - The art Arena - 9:30 AM

# ജനപ്രിയത; വിപണി എഴുത്തിനിരുത്തുന്നു

എഴുത്തിന്റെ മൂല്യവും കമ്പോള ഉത്സവങ്ങളും, സാംസ്കാരികതയുടെ വളർച്ച

- മനോജ് കുറൂർ
- വി ഷിനിലാൽ
- കെ ബി ബഷീർ
- മുഹമ്മദ് ബാസിം നൂറാനി



2026 ജുലൈ 26 ഞായർ

Arish - 7:30 AM

# ഫാഷൻ ഔട്ട്; നമ്മുടെ പദാവലികൾക്ക് മാറ്റം സംഭവിക്കുന്നു

അടിത്തട്ട് സാമൂഹികത, അവനവനിലേക്ക് ചുരുങ്ങുന്ന മനുഷ്യർ, കവലകളുടെ ഓർമകൾ

- കെ എം അനിൽ ചേലേമ്പ്ര
- സി എൻ ജഅ്ഫർ സാദിഖ്
- സൈഫുദ്ദീൻ ടി പി



2026 ജുലൈ 26 ഞായർ
Chinar - 9:30 AM

## മുഷ്ടി താഴ്ത്തിയ കേരളം

അന്യമാകുന്ന സമരങ്ങൾ, ചുമരെഴുത്തുകൾ, ആഭ്യന്തര അടിയന്തരാവസ്ഥയും അന്തർഭയവും

- പുരുഷൻ ഏലൂർ
- ഗീതാനന്ദൻ
- എൻ സുബ്രഹ്മണ്യൻ
- കെ സി സുബിൻ





2026 ജുലൈ 26 ഞായർ
Guadalquivir - 10:30 AM

## ഉപയോഗിച്ച് ഉപേക്ഷിക്കുന്ന അനുഭവങ്ങൾ

മലയാള സാഹിത്യത്തിലെ ദളിത് അനുഭവം, മുഖ്യധാരയിൽ അപ്രത്യക്ഷമാകുന്ന സാഹിത്യമണ്ഡലങ്ങൾ

- രാംദാസ് ചെറായി
- വിനിൽ പോൾ
- മുനീർ അഹ്സനി ഒമ്മല







# PAPYRUS

# ആവിഷ്കാരങ്ങളുടെ തുറസ്സ്

The Art Arena

## "Art does not reproduce the visible; rather, it makes visible."

- Paul Klee

ഗുഹാമുഖങ്ങളിൽ കോറിയിട്ട വരപ്പാടുകളിൽ ചരിത്രത്തിന്റെ ഛായം പൂശിയ കലാകാരന്മാരാണ് മനുഷ്യർ. പാറപ്പുറങ്ങൾ പിന്നീട് പാപ്പിറസ് ചുരുളുകളായി കൂടുതൽ നിവർന്നു. പെൻസിലും ബ്രഷും നിറം കണ്ടു, രാഗം കേട്ടു. ആവിഷ്കാരങ്ങളുടെ ഹൃദയത്തുടിപ്പിൽ നാം വളർന്നു. സെമിയോട്ടിക്സ് ഡീകോടു ചെയ്ത ചിഹ്നങ്ങളിൽ തുടങ്ങി ക്യൂബിസവും സ്ക്രീമും മൊണാലിസയും കടന്ന കാൻവാസുകൾ പുതിയ രൂപാന്തരങ്ങൾക്കു സാക്ഷിയായി. പാപ്പിറസ് നിങ്ങളുടെ വർണങ്ങളെ കാത്തിരിക്കുകയാണ്.

2026 ജൂലൈ 25 ശനി

Papyrus - The art Arena - 7:30 AM

# മാജിക്ക് പെൻസിൽ

ആർട്ട് സെഷൻ



2026 ജൂലൈ 25 ശനി

Papyrus - The art Arena - 1:30 PM

# നാളത്തെ ചിത്രരചന: ഭാവിയും സാധ്യതകളും

ആർട്ട് സെഷൻ

2026 ജൂലൈ 25 ശനി

Papyrus - The art Arena. - 3:00 PM

# അക്ഷരവടിവുകളിലെ അഴകും ഒഴുക്കും

കാലിഗ്രാഫി / അക്ഷരകല

- റഈസ് നുസ്‌രി
- ത്വാഹ നുസ്‌രി
- അഡ്വ. റാഷിദ് സഖാഫി പാലേരി

കാഴ്ചകളിൽ നിന്നല്ല, കാഴ്ചപ്പാടുകളിൽ
നിന്നാണ് കലയുണ്ടാകുന്നത്,
ഹൃദയഹാരിയായ പെയിന്റിംഗുകളും

## ഡ്രോയിംഗുകളും



അക്ഷരങ്ങൾ ഇരുൾക്കാട്ടിലെ
ചുരം കണക്കെ മടക്കുകളാകുന്നു,
ചരിത്രം പേറുന്ന

## കാലിഗ്രഫി കലകൾ

മുറിച്ചുമാറ്റാൻ ശ്രമിക്കുന്ന
യാഥാർത്ഥ്യങ്ങളെ നാം
മുറിച്ചൊട്ടിക്കുന്നു, ആശയഭദ്രമായ

## കൊളാഷുകൾ

# Dijla

# The Vocal Studio

# ശബ്ദങ്ങളുടെ നദീതടം



# “Speech is power: speech is to persuade, to convert, to compel.”

\- Ralph Waldo Emerson

നുത്ഖ് എന്ന സാമർഥ്യമാണു മനുജൻ (Homo sapiens). ആശയങ്ങളുടെ ചിട്ടയായ വിനിമയമാണ് അവന്റെ സവിശേഷത. സാമൂഹികവും ബൗദ്ധികവുമായ വികാസത്തിന്റെ അടരുകളിലെവിടെയോ അവൻ അക്ഷരങ്ങൾ മൊഴിഞ്ഞു. വാക്യങ്ങൾ രൂപപ്പെട്ടു. സെമാന്റിക്സ് ഉണ്ടായി. സംസ്കാരമുണ്ടായി. ദിജ്‌ലയടക്കം അതിനെ ഊട്ടിവളർത്തി. സംസാരിച്ചു, പ്രസംഗിച്ചു. ശ്രവിച്ചു, ശ്രദ്ധിച്ചു. ഇന്ന്, ഈ ടൈഗ്രിസിന്റെ ഓളങ്ങൾ നിങ്ങളെ പ്രതീക്ഷിക്കുന്നു.

പ്രഭാഷണം

2026 ജുലൈ 25 ശനി
Dijla - The vocal studio - 9:00 AM

## ചിന്തയുടെ ഉള്ളടക്കം

- വെങ്കിടേഷ് രാമകൃഷ്ണൻ
- സി കെ എം റഫീഖ്



2026 ജുലൈ 25 ശനി
Dijla - The vocal studio- 2:30 PM

## വാക്കിന്റെ വാസ്തുവിദ്യ

- മുഹമ്മദ് സ്വാദിഖ് വെളിമുക്ക്
- മുനവ്വിർ അമാനി

2026 ജുലൈ 25 ശനി
Dijla - The vocal studio - 7:00 PM

## കാലം, സമൂഹം (സംവാദം)

പ്രഭാഷകൻ, പ്രേക്ഷകരുടെ കാലം, പൊളിറ്റിക്കൽ കറക്റ്റ്നസ്, നിലപാടിന്റെ തെളിച്ചം

- സി എൻ ജഅ്ഫർ സാദിഖ്
- സി ആർ കുഞ്ഞുമുഹമ്മദ്
- അബ്ദുല്ല ബുഖാരി



നിശബ്ദതയെ അർഥപൂർണ
മാക്കുകയാണ് സംസാരങ്ങൾ,
ചൂണ്ടുവിരൽ ഉയർത്തുന്ന

## പ്രഭാഷണങ്ങൾ



ആശയങ്ങൾ പല ദേശങ്ങളിൽ
വിവിധ വാക്കുകൾ കടമെടു
ക്കുകയാണ്, പോളിഗ്ലോട്ട്

## പ്രസംഗ വേദികൾ

ഒരു പരിഹാരത്തിന്റെ ഭാഗമല്ലെങ്കിൽ
പിന്നെ, നിങ്ങളാകുന്നു പ്രശ്നം,
ഒച്ചപ്പാടുകളില്ലാത്ത

## സംവാദങ്ങൾ

Bosphorus
the Imaginarium

# മനുഷ്യ ഭാവനയുടെ
# രഹസ്യ
# സങ്കേതം





“There have been great societies that did not use the wheel, but there have been no societies that did not tell stories.”

- Ursula K. Le Guin

നമ്മൾ ചോറുണ്ടത് മാനത്തെ ചന്ദ്രനെ കണ്ടല്ല, അമ്പിളി മാമനെ നോക്കിയാണ്. ഫാക്ടുകളെ ഫിക്ഷനാക്കി അലങ്കരിക്കുന്ന ആൽക്കമിസ്റ്റാണു മനുഷ്യൻ. കഥകൾ പറഞ്ഞു പറഞ്ഞാണു നമ്മൾ കാര്യങ്ങളിലെത്തുന്നത്. അങ്ങനെയാണു നമ്മൾ കടലുകൾ നീന്തി കര കയറിയത്. സത്യത്തിനും സങ്കൽപ്പത്തിനുമിടയിലെ ബോസ്ഫറസിലൂടെ യാത്ര ചെയ്തത്. ഭാവനയുടെ പുതിയ ഭൂഖണ്ഡങ്ങളിലേക്കു വഴി കാണിക്കുന്ന ഈ കടലിടുക്കിലേക്കു സ്വാഗതം.

2026 ജുലൈ 25 ശനി

Bosphorus- Imaginarium- 9:40 AM

# സാമൂഹിക വിഭാവനത്തിന്റെ ആഖ്യാനം

- കെ പി രാമനുണ്ണി
- ഡോ. മുഹമ്മദ് സ്വാലിഹ്





2026 ജുലൈ 25 ശനി

Bosphorus- Imaginarium - 2:20 PM

# ഒരു കവിത ജനിക്കുന്നു

കവിതാ സെഷൻ



2026 ജൂലൈ 25 ശനി

Bosphorus- Imaginarium - 4:00 PM

# കവിതയുടെ രാഷ്ട്രം

കവിതാ സെഷൻ

- മുഹമ്മദ് റാസി നൂറാനി
- മിദ്‌ലാജ് തച്ചംപൊയിൽ
- ഹുസൈൻ താമരക്കുളം



2026 ജൂലൈ 26 ഞായർ

Bosphorus- Imaginarium - 10:50 AM

# കഥയുടെ കുപ്പായം

കഥാ സെഷൻ

- മജീദ് സൈദ്
- മുഹമ്മദ് ഹാദി





# Zambal

## the Quest Arena

# അറിവു
# കളുടെ
# അന്വേഷ
# ണ വേദി



“The important thing is not to stop questioning. Curiosity has its own reason for existence.”

- Albert Einstein

ചോദിച്ച ചോദ്യങ്ങളിലാണ് ഭൂഗോളം രൂപപ്പെട്ടത്. ജിജ്ഞാസയിൽ നിന്നാണ് അറിവിലേക്കുള്ള യാത്ര ആരംഭിക്കുന്നത്. അറിയുന്നവ ചേർത്തുവെച്ച് അറിയാത്തതുകളിലേക്ക് നാം എത്തിച്ചേരുന്നു. സമ്പലുകളിൽ തമ്പടിച്ച പണ്ഡിത പ്രഭുക്കളുടെ വഴിയെ, പുതിയ ഉത്തരങ്ങളിലേക്കുള്ള ഭൂപടത്തിലാണു നാം.



ഉത്തരങ്ങളേക്കാൾ മനുഷ്യനെ എക്കാലത്തും ചിന്തിപ്പിച്ചത് കൃത്യമായ ചോദ്യങ്ങളാണ്

## പൊതു വിജ്ഞാന മത്സരങ്ങൾ

ഓർമകളുടെയും അറിവുകളുടെയും അതിരുകൾ ഭേദിക്കുന്ന ബൗദ്ധിക പര്യവേക്ഷണങ്ങൾ

## വിവിധ ക്വിസ് ഇനങ്ങൾ

കണ്ടെത്തലുകളൊന്നും അന്തിമമല്ല; അവ പുതിയ ചോദ്യങ്ങൾക്കുള്ള തുടക്കം മാത്രമാണ്

## അറിവുകളുടെ സംവാദങ്ങൾ


സാഹിത്യോത്സവ്
വേദികളുടെ
അന്തസാരങ്ങൾ
ഒരു വെളിച്ചത്തിന്റെ
സഞ്ചാരം

## **Arish**, The Origin

ഈന്തപ്പനയോലകൾ മേഞ്ഞ ലളിതമായ മേൽക്കൂരയിൽ നിന്നാണ് ലോകത്തെ മാറ്റിമറിച്ച അറിവിന്റെയും മാനവികതയുടെയും പ്രകാശം പ്രോജ്ജ്വലിച്ചത്.

## **Chinar**, The Shade

ആ വെളിച്ചം അരിച്ചിറങ്ങിയ ഇസ്ഫഹാനിലെ ചില്ലകൾ മണ്ണിൽ നിഴലു വീഴ്ത്തി. ചിന്തകരും പണ്ഡിതരും തണുപ്പു കൊണ്ടു.

## **Zambal**, The Quest

തണൽ പൈതൃകങ്ങളുടെ വേരുകൾ തേടി യാത്രയായി. വിജ്ഞാനം പടർന്നു. വിശ്വാസം യമാനിയ്യായി മാറി.

## **Papyrus**, The Art

അവർ അന്വേഷണങ്ങളെയും ചിന്തകളെയും കോറിയിട്ടു. കല്ലുകളിൽ, ഓലകളിൽ, കടലാസുകളിൽ, അങ്ങനെയങ്ങനെ.

## **Dijla**, The Voice

കടലാസു കഷ്ണങ്ങൾ ടൈഗ്രിസ് നദീതടങ്ങളുടെ ഓളങ്ങളിലൂടെ ഒഴുകിയൊഴുകി നടന്നു. വെളിച്ചം ഒച്ചയായും രൂപം പ്രാപിച്ചു.

## **Guadalquivir**
## The Resonance

സംവാദങ്ങൾ ഖുർത്തുബയിലെ പായക്കപ്പലു കയറി ലോകം ചുറ്റി. വിദ്യകളും കവിതകളും കാറ്റായി ദിശ കാണിച്ചു കൂടെ വീശി.

## **Bosphorus**
## The Fiction

കടലിടുക്കുകൾക്കപ്പുറത്തെ മനുഷ്യരും ആ ആർദ്രതയറിഞ്ഞു. സർഗാത്മകത ഭാഷാന്തരണങ്ങൾ ഭേദിച്ചു.

## **Khayal**
## The Infinity

നോക്കൂ, കടലും കാടും കടന്നു വന്ന ആ വെളിച്ചമാണു മുന്നിൽ കത്തുന്നത്. അതിന്റെ തണലാണു മുന്നിൽ വിരിയുന്നത്. ഇതാ, മനുഷ്യഭാവനയുടെ അതിരുകളില്ലാത്ത ആകാശം.

# നമ്മളന്ന സാകല്യം

## ഉൾക്കാഴ്ച കളുടെ ലോകം

പ്രകാശത്തിന്റെ ഭൗതികമായ പരിമിതികൾക്കപ്പുറത്തെ ആന്തരികമായ ഉൾക്കാഴ്ചയെ ആഘോഷിക്കുന്ന പദ്ധതികൾ. ബ്രെയിലി ലിപിയിൽ ആവിഷ്കരിക്കുന്ന പ്രത്യേക സർഗാത്മക വേദികൾ. സ്പർശനവും കേൾവിയും ഭാവനയും അനുഭവങ്ങളുടെ പുതിയ മാനങ്ങളാകുന്ന ഇൻക്ലൂസീവ് സാംസ്കാരികത.

## നിശബ്ദത യുടെ ഭാഷ

നിശബ്ദതയുടെ അഗാധമായ ഭാഷയെ കേൾക്കുന്ന ആംഗ്യഭാഷാ വേദികൾ. കൈമുദ്രകളിലൂടെയും മുഖഭാവങ്ങളിലൂടെയും ആശയവിനിമയം നടത്തുന്ന കലാകാരന്മാരുടെ ആവിഷ്കാര കേന്ദ്രങ്ങൾ. സർഗാത്മകതയുടെ അതിവിപുലമായ പുതുമകൾ.

Marathon + Hack (creative problem-solving) = Hackathon.

## ഭാവിയിലേക്കുള്ള അൽഗോരിതങ്ങൾ

പുതിയ കാലത്തിന്റെ ഭാഷയാകുന്ന കോഡുകളും അൽഗോരിതങ്ങളും.
സാങ്കേതികവിദ്യയുടെ അനന്തസാധ്യതകളെ സർഗാത്മകമാക്കുന്ന കളരികൾ.
പുതിയ വിതാനങ്ങളിലെ സർഗാത്മകതയുടെ സ്വാതന്ത്ര്യം.

A.I. poem making, A.I. prompting, Ideathone, Digital illustration

ആത്മാവിന്റെ
അന്വേഷണങ്ങളെ
സംഗീതാത്മകമായി
അവതരിപ്പിക്കുന്ന

**ഖവ്വാലിയും**
**ഖസീദയും**
**നശീദയും**

മനുഷ്യചരിത്രത്തിന്റെ
താളവും സാംസ്കാരിക
തയുടെ തുടിപ്പും കൊട്ടുന്ന

**ദഫും അറബനയും**

പൈതൃകം
വിളിച്ചോതുന്ന

**മാപ്പിളപ്പാട്ടുകളും**
**ആലാപനങ്ങളും**






5 ലക്ഷം
വിദ്യാർഥികൾ
8796
ഗ്രാമങ്ങൾ
സാംസ്കാരിക
വ്യവഹാരങ്ങളുടെ
മൂന്ന് മാസം.
Upon the be - cause

## ആർട്ട് സ്കൂൾ

സർഗാത്മക ആവിഷ്കാരങ്ങളെയും ആശയവിനിമയ ശേഷിയെയും ചിട്ടപ്പെടുത്തുന്ന ബൗദ്ധിക പണിപ്പുര. എഴുത്തിന്റെയും പ്രഭാഷണത്തിന്റെയും ഘടനാപരമായ തലങ്ങളെ വിദഗ്ധരുടെ ശിക്ഷണത്തിൽ സൂക്ഷ്മമായി നവീകരിക്കുന്നു. മനുഷ്യന്റെ ചിന്തകളെ കൂടുതൽ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള പരിശീലനക്കളരി.

## പൊളിറ്റിക്കൽ സ്കൂൾ

അഭിപ്രായപ്രകടനങ്ങൾക്കപ്പുറം, കൃത്യമായ രാഷ്ട്രീയ– സാമൂഹിക അവബോധം രൂപപ്പെടുത്തുന്ന സംവാദ വേദി. കാലികമായ വിഷയങ്ങളെ അക്കാദമികമായി അപഗ്രഥിക്കാനും ജനാധിപത്യപരമായ സംവാദങ്ങളിലൂടെ സ്വതന്ത്രമായ നിലപാടുകൾ സ്വരൂപിക്കാനുമുള്ള തുറന്ന പാഠശാല.

സ
ന്ത

മാ
രം

## എജ്യുസൈൻ

വിദ്യാർഥികളിൽ അന്തർലീനമായിരിക്കുന്ന നൈസർഗികമായ അഭിരുചികളെയും നൈപുണ്യ ശേഷിയെയും ശാസ്ത്രീയമായി വിലയിരുത്തുന്ന വിദഗ്ധരുടെ സാന്നിധ്യം. വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും വ്യക്തമായ കരിയർ രൂപരേഖ നിർമിക്കാനും ഭാവിയുടെ സാധ്യതകളെ കൃത്യമായി മനസ്സിലാക്കാനും അവസരം.

## പുസ്തകലോകം

അറിവുകളുടെയും ചിന്തകളുടെയും വിപുലമായ സമാഹാരം. മലയാളത്തിലെയും ഇംഗ്ലീഷിലെയും പ്രമുഖ പ്രസാധകരുടെ ആയിരക്കണക്കിനു കൃതികൾ. ബൗദ്ധിക ചക്രവാളങ്ങളെ വികസിപ്പിക്കുന്ന വായനകൾ. അറിവന്വേഷകർക്കായി പുസ്തകങ്ങളുടെ വിപുലമായ ശേഖരം.

ജൂലൈ 26 ഞായർ 03:00 pm

# സമാപന
# സംഗമം



**സുൽത്വാനുൽ ഉലമ**
**ശൈഖുന കാന്തപുരം**
**ഉസ്താദ്**
ഗ്രാൻഡ് മുഫ്തി, ഇന്ത്യ

**ബഹു. രമേശ്**
**ചെന്നിത്തല**
ആഭ്യന്തര വകുപ്പ് മന്ത്രി

**ബഹു. എം ലിജു**
എക്സൈസ് വകുപ്പ് മന്ത്രി

**ഡോ. എ പി അബ്ദുൽ ഹകീം അസ്ഹരി**
(പ്രസിഡന്റ്, എസ് വൈ എസ് കേരളം)
**മജീദ് കക്കാട്**
(സെക്രട്ടറി,കേരള മുസ്ലിം ജമാഅത്ത്)
**എച്ച് അബ്ദുൽ നാസർ തങ്ങൾ**
(പ്രസിഡന്റ്, കേരള മുസ്ലിം ജമാഅത്ത് ആലപ്പുഴ ജില്ല)
**സയ്യിദ് ഹാമിദ് കോയ ബാഫഖി**
(ചെയർമാൻ, സ്വാഗത സംഘം)

സിപി ഉബൈദുള്ള സഖാഫി
(പ്രസിഡന്റ്, എസ് എസ് എഫ് ഇന്ത്യ)
ദിൽഷാദ് അഹ്മദ് കാശ്മീർ
(ജനറൽ സെക്രട്ടറി, എസ് എസ് എഫ് ഇന്ത്യ)
കെ വൈ നിസാമുദ്ദീൻ ഫാളിലി
ഫിർദൗസ് സുറൈജി സഖാഫി
മുഹമ്മദ് അനസ് അമാനി
(ഫിനാൻസ് സെക്രട്ടറി, എസ് എസ് എഫ് കേരള)
അബ്ദുൽ റഹീം സഖാഫി
(ജനറൽ സെക്രട്ടറി, സമസ്ത. ആലപ്പുഴ ജില്ല)
ഹാഷിർ സഖാഫി
(പ്രസിഡന്റ്, എസ് വൈ എസ്, ആലപ്പുഴ)
സി എം സ്വാബിർ സഖാഫി
(സെക്രട്ടറി, എസ് എസ് എഫ് കേരള)
മുഹമ്മദ് അനസ് കെ പി
(സെക്രട്ടറി, എസ് എസ് എഫ് കേരള)
ഹാരിസ് റഹ്മാൻ
(സെക്രട്ടറി, എസ് എസ് എഫ് കേരള)





keralasahityotsav.com

# തയ്യാറുണ്ടോ !?

# സാംസ്കാരിക ഫോസിലുകളാവാൻ

Watch Now